AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 268/2018 05.12.2018

# മുഴുവൻ കർഷകരെയും ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തും: കൃഷിമന്ത്രി

സംസ്ഥാനത്തെ മുഴുവൻ കർഷകരെയും വിള ഇൻഷുറൻസ് പദ്ധതിയുടെ പരിരക്ഷയിൽ ഉൾപ്പെടുത്തി പ്രകൃതിക്ഷോഭം കാരണമുള്ള വിളനാശത്തിലൂടെയുള്ള നാശനഷ്ടങ്ങൾ ലഘൂകരിക്കുമെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. സംസ്ഥാന സർക്കാരിന്റെ വിള ഇൻഷുറൻസ് പദ്ധതി, കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി ഫസൽ ഭീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിങ്ങനെ മൂന്ന് പ്രധാന പദ്ധതികൾ നിലവിലുണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിലും കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലുമൊരു പദ്ധതിയിലുമായി രണ്ടു ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം കർഷകർക്ക് സ്വീകരിക്കാവുന്നതാണ്. പ്രധാനമന്ത്രി ഫസൽ ഭീമായോജന പദ്ധതിയുടെ ദ്വിദിന ശില്പശാല തിരുവനന്തപുരം ആനയറയിലുള്ള സമേതിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തിന്റെ തീരുമാനമനുസരിച്ച് കൂടുതൽ വിളകൾ പല ജില്ലകളിലും നോട്ടിഫൈ ചെയ്യാൻ സാധിക്കുമെന്നും അത്തരത്തിൽ പുന:ക്രമീകരിച്ച് കർഷകരുടെ മുഴുവൻ വിളകളെയും ഉൾപ്പെടുത്തുമെന്നും മന്ത്രി സൂചിപ്പിച്ചു. കർഷകർക്കും സ്വന്തമായി രജിസ്റ്റർ ചെയ്യാൻ കഴിയുന്ന രീതിയിൽ മലയാളത്തിലുള്ള വെബ്സൈറ്റും പദ്ധതിയ്ക്കായി നിലവിലുണ്ട്. പ്രളയസമയത്ത് നാശനഷ്ടമുണ്ടായ കർഷകർക്ക് 90 ശതമാനം തുക ഇതിനകം നൽകി കഴിഞ്ഞു.

യോഗത്തിൽ കാർഷികോത്പാദന കമ്മീഷണർ ദേവേന്ദ്രകുമാർ സിംഗ് ഐ.എ.എസ്. പദ്ധതി വിശദീകരണം നടത്തി. ഫസൽ ഭീമായോജന പദ്ധതി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആശിഷ്കുമാർ ഭൂട്ടാനിയ ഐ.എ.എസ്., കൃഷിവകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്., ടെക്നിക്കൽ ഓഫീസർമാരായ പല്ലവി

മാലി, പാർത്ഥ് ശർമ്മ തുടങ്ങിയവർ സംസാരിച്ചു. ദ്വിദിന ശില്പശാലയിൽ വിവിധ ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർമാരും പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**